**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5306** **12-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീ സംരംഭകരുടെ പ്രസക്തി വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ അതിസൂക്ഷ്മസംരഭ മേഖലകളിലേക്കു സ്ത്രീകളെ ആകർഷിക്കുന്നതിന് താഴെപ്പറയുന്ന ധനസഹായപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നുണ്ട്. 1. സംരംഭക സഹായ പദ്ധതി - വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകസഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക്സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ വനിതകൾക്ക് അധികമായി 10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്. 2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി - 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത വനിതാസംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 98% വരെ സബ്സിഡിയായി തിരികെ നൽകുന്നു. മൂന്ന് വർഷത്തേക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് - വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കികൊണ്ട് അർഹമായ സംരംഭകർക്ക് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും വനിതാസംരംഭകരായിരിക്കും. ഉല്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖലകൾ ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധിസഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. 1. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ആകെ പ്രോജക്ട് ചെലവിന്റെ 40% 2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ 3. വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാൻറ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30% എസ്.സി/എസ്.ടി/ വനിതകൾ വിമുക്തഭടന്മാർ/40 വയസ്സ് വരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും. സംരംഭ വികസനത്തിനാവശ്യമായ പൊതു അവബോധ പരിശീലനങ്ങൾ വൈദഗ്ധ്യ പരിശീലനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, മാർക്കറ്റിംഗ് സഹായങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനം തുടങ്ങിയവ കുടുംബശ്രീ മുഖേന ലഭ്യമാക്കി വരുന്നു. കൂടാതെ 2021-22 വർഷത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യമുള്ളവർക്ക് തങ്ങളുടെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, തൊഴിൽ നേടാൻ താൽപര്യമുള്ള മേഖല തെരഞ്ഞെടുക്കുന്നതിനുമായി 'ജോബ് പോർട്ടൽ' ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കമുള്ള വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശയിൽ (4-6%) സ്വയം തൊഴിൽ വായ്പ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ